# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 3167 15.12.2015- ൽ മറുപടിക്ക്

## പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;<br>(ബി) ബൈപ്പാസ് നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും<br>പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ പ്രകാരം 730 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും, 14.10.2010-ലെ സി.ഇ/ആർ&ബി/ കെ.കെ.ഡി/10228/2009 പ്രകാരം അലൈൻമെന്റ് അംഗീകരിക്കുകയുമുണ്ടായി. ഭൂവുടമകളിൽ ചിലർ നിർദ്ദിഷ്ട അലൈൻമെന്റിനെതിരെ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി അവ തള്ളുകയുണ്ടായി. 28.10.2013-ന് നടന്ന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പരാമർശിത ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമായതിനാൽ കൃഷി വകുപ്പിൽ നിന്നും 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിരാക്ഷേപ പത്രം ലഭിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 10.07.2015-ലെ ഡിബി2/3627/2006 നമ്പർ കത്ത് പ്രകാരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ